# വിജയപഥം
# കൊട്ടാരക്കര വിദ്യാഭ്യാസ ജില്ല
## SSLC PRE MODEL EXAMINATION 2021-22

**PM 01 ML 10** Time : 1 $\frac{1}{2}$ hr

**Class : 10** കേരളപാഠാവലി **Score : 40**

## PART 1

**എ.1** മുതൽ **6** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും **4** എണ്ണത്തിന് ഉത്തരമെഴുതുക **( 1 സ്കോർ )**
**4x1=4**

**1.** താഴെ കൊടുത്തിരിക്കുന്നവയിൽ 'എല്ലാറ്റിനെയും അടക്കുന്നവൻ' എന്ന് അർത്ഥം വരുന്ന പദം ഏത്?

(പൗലോമി , പുരന്ദരസമൻ, സർവ്വദമനൻ, അപ്രതിരഥൻ)

**2.** "ഒരു കഷണം അപ്പം ഒരു കോപ്പ പാലിൽ എടുത്തു മുക്കുന്നതിന് ഒരാൾക്ക് മരംകൊണ്ടുള്ള മുള്ളും കയിലും കൂടി ആവശ്യമില്ല " ഈ വാക്യത്തിൽ തെളിയുന്ന മെത്രാന്റെ സ്വഭാവസവിശേഷത എന്ത്?
( ലാളിത്യം, ദയ , കാരുണ്യം, സഹജീവിസ്നേഹം)

**3.** "ദൂരത്തൂന്നാരുംവരികയില്ല നമ്മെക്കാണ്മാൻ ......." ഈ വരികളിൽ തെളിയുന്ന പുഷ്കരന്റെ മനോഭാവമെന്ത്?
(അധികാരമോഹം, അപകർഷബോധം, അഹങ്കാരം, അഹംഭാവം)

**4.** വിഗ്രഹിച്ചെഴുതുക
മാതൃക: മാനസതാര് .--മാനസമാകുന്ന താര്
കാലാഹി: ................

**5.** .......യേകുമർഥിയാം പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ'

ഇവിടെ അർഥി എന്ന് ഉദ്ദേശിച്ചിരിക്കുന്നത് ആരെയാണ്?

**6.** ഘടകപദങ്ങളാക്കുക

മാതൃക: ഏവമോതിയിടരാർന്നു.. ഏവം, ഓതി , ഇടർ, ആർന്നു

ആരതെന്നുടനറിഞ്ഞു: ....................................

**ബി . 7** മുതൽ **9** വരെയുള്ള എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക **3x1=3**

**7.** അശ്വമേധം എന്ന കവിതയിലെ അശ്വം എന്തിന്റെ പ്രതീകമാണ്?
(സംഹാര ശക്തി, സർഗ്ഗശക്തി, വേഗത, ജാഗ്രത)

**8.** " മാപ്പ്,മാപ്പിവർചെയ്യുന്നതെ-
ന്തെന്നിവരറിവീല " - ഇത് ആരുടെ വാക്കുകളാണ്?
(യേശുക്രിസ്തു,മൈക്കലാഞ്ജലോ,ഒ.എൻ.വി.കുറുപ്പ് , മറിയം)

KTR EDN DIS

9. "എൻെറ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പത് രൂപയെക്കാൾ എത്രയോ വലുതായിരുന്നു " ഇത് ആരുടെ വാക്കുകളാണ്?

(ശരൺകുമാർ ലിംബാളെ , ശാന്ത ആത്യ, പിർജാദെ ,കുമാർ മാമ)

## PART II

**10 മുതൽ 12 വരെയുള്ള ചോദ്യങ്ങൾക്ക് ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക(2 സ്കോർ )**

**എ. ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരം എഴുതുക** 1x2=2

**10.**"പാണ്ഡവർ നേടിയ വിജയത്തെ 'വല്ലപാടുംനേടിയവിജയ'മെന്ന് ദുര്യോധനൻ പറഞ്ഞത്എന്തുകൊണ്ടാണ്? രണ്ട് കാരണങ്ങൾ എഴുതുക

**ബി.11 മുതൽ 12 വരെ ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക 1x2=2**

**11.** "എനിക്ക് അപ്പോൾ സഹതാപവും തുടർന്നുകൊണ്ട് ഉള്ളിൽ ചിരിയും വന്നു "

(ഞാൻ കഥാകാരനായ കഥ )

ആ മാന്യനെ കണ്ടപ്പോൾ എഴുത്തുകാരന് ഒരേസമയം സഹതാപവും ചിരിയും ഉണ്ടായതിന്റെ കാരണങ്ങൾ എഴുതുക .

12. ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിലെ ജൂലിയാനയുടെ ഭർത്താവിന് എന്തായിരിക്കും സംഭവിച്ചിരിക്കുക ? കഥയിൽ നിന്ന് ലഭിക്കുന്ന രണ്ട് സൂചനകൾ എഴുതുക

## PART III

**13 മുതൽ 17 വരെയുള്ള ചോദ്യങ്ങൾക്ക് മൂന്നോ നാലോ വാക്യത്തിൽ ഉത്തരം എഴുതുക( 3 സ്കോർ )**

**എ. 13 മുതൽ 16 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരം എഴുതുക**

**3X3=9**

13. "രാഹുവിനെ വിട്ടു ചന്ദ്രൻ
രോഹിണിയോടൊത്തു ചേർന്നു ഭാഗ്യവശാൽ "

ഇവിടെ രാഹു, ചന്ദ്രൻ , രോഹിണി എന്നീ പദങ്ങൾ കൊണ്ട് ഉദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുക.

14. "അന്യജീവനതകി സ്വജീവിതം
ധന്യമാക്കുമമലേ വിവേകികൾ " ഈ വരികളിലൂടെ കവി നൽകുന്ന സന്ദേശംവ്യക്തമാക്കുക

15. "ഉപ്പു കൊണ്ടുള്ള ഒരു പ്രതിമ പോലെ അയാൾ നിന്നിടത്തു തന്നെ മിഴിച്ചു കൊണ്ട്നിന്നു " വാക്യം വിശദീകരിച്ച് പ്രയോഗഭംഗി വ്യക്തമാക്കുക.

**16.** "ഞാൻ ഇന്ത്യയിൽ ജീവിക്കാൻ ആഗ്രഹിക്കുന്നു മാഡം "ന്യൂയോർക്കിലെ വൃദ്ധന്റെ ഈ കാഴ്ചപ്പാടിനോടുള്ള നിങ്ങളുടെ പ്രതികരണം എഴുതുക

**ബി.ചുവടെ നൽകിയിരിക്കുന്ന ചോദ്യത്തിന് ഉത്തരം എഴുതുക 1X3=3**

**17.** 'സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ'?

ദസ്തയേവ്സ്കിഇങ്ങനെചിന്തിക്കാൻ കാരണമെന്ത് ?

KTR EDN DIS

## PART IV

**18 മുതൽ 22 വരെയുള്ളചോദ്യങ്ങൾക്ക് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക ( 4 സ്കോർ)**

**എ്).18 മുതൽ 20 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക**

2X4=8

**18.** "പഴുതേ ഞാനെന്തേ പല വക പറഞ്ഞു കേൾപ്പിക്കുന്നു........ "
പുഷ്കരന്റെ ഈ സംഭാഷണത്തിലൂടെ തെളിയുന്ന സ്വഭാവസവിശേഷതകൾ കണ്ടെത്തി എഴുതുക

**19.** "രാജാവിന്റെ ഈ വിലാപം കേട്ട് ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി. ഭൂമിയാകെ ഒരു മുഴക്കത്തോടെ കുലുങ്ങി. ദിക്കുകൾ മങ്ങി" (യുദ്ധത്തിന്റെ പരിണാമം ) ദുര്യോധനന്റെ വിലാപം പ്രജകളിലും പ്രകൃതിയിലും സൃഷ്ടിച്ച പ്രത്യാഘാതങ്ങൾ എന്തെല്ലാമാണെന്ന് പാഠഭാഗത്തെ ആസ്പദമാക്കി കുറിപ്പ് തയ്യാറാക്കുക

**20.** "ചോറുപൊതി അഴിക്കാൻ തോന്നിയില്ല തുവർത്തിലൂടെ പുറത്തേക്ക് കുതിർന്ന അതിന്റെ നനവിൽ കൈവച്ചുകൊണ്ട് വെള്ളായിയപ്പൻ ഇരുന്നു..പൊതിച്ചോറിന് സവിശേഷമായ സ്ഥാനമാണ് "കടൽത്തീരത്ത് "എന്ന കഥയിലുള്ളത്. വിശകലനക്കുറിപ്പ് തയ്യാറാക്കുക

ബി.**21** മുതൽ **22** വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക

21. "ഒരു വെൺലില്ലിപ്പൂവിൽ 1X4=4
ശോണരേഖകൾ പോലെ ,
തിരുശോണിതം വാർന്ന
പാടുകളുടലാകെ"
യേശുദേവനെയും ലില്ലിപ്പൂവിനെയും ഈ വരികളിലൂടെ കവി സാദൃശ്യപ്പെടുത്തിയിരിക്കുന്നതിന്റെ ഭംഗി വ്യക്തമാക്കുക.

22 . "ദിവസം മുഴുവനും അലഞ്ഞുനടന്ന് ചവറിന്റെതൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്? ശരൺകുമാർ ലിംബാളെ ഉയർത്തുന്ന സാമൂഹിക വിമർശനത്തെ കുറിച്ച് ലഘുവിവരണം തയ്യാറാക്കുക.

## PART V

23 മുതൽ 24 വരെ യുള്ള ചോദ്യങ്ങൾക്ക് ഒരു പുറത്തിൽ കവിയാതെ ഉത്തരമെഴുതുക(5 സ്കോർ )

1x5=5

**എ്).23 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക**

**23.** "ക്രോധം അഗ്നിയാണ്. അത് നാശമുണ്ടാക്കിയേ അടങ്ങൂ."(മഹാത്മാഗാന്ധി)
"ക്രോധമല്ലോ നിജധർമ്മക്ഷയകരം
ക്രോധം പരിത്യജിക്കണം ബുധജനം" (എഴുത്തച്ഛൻ) ക്രോധമെന്ന സാമൂഹിക വിപത്തിനെ ഗാന്ധിജിയും എഴുത്തച്ഛനും അവതരിപ്പിച്ചിരിക്കുന്നത് എപ്രകാരമാണെന്നു ശ്രദ്ധിച്ചുകാണുമല്ലോ? സന്ദർഭങ്ങൾ വിശകലനംചെയ്ത് വർത്തമാനകാല

KTREDNDIS

സാഹചര്യങ്ങൾകൂടി പരിഗണിച്ച്, 'ക്രോധം വരുത്തി വയ്ക്കുന്ന വിനകൾ 'എന്ന വിഷയത്തിൽ ലഘു ഉപന്യാസം തയ്യാറാക്കുക

**24.** "കുട്ടികളെ അമ്മ തന്നെ വളർത്തണം.ശാസിക്കുകയും ലാളിക്കുകയും കൂട്ടു കൂടുകയും വേണം.എങ്കിലേ അമ്മ എന്നത് കുട്ടികളുടെ ഒരു ഭാഗവും, കുട്ടികൾ അമ്മയുടെ ഒരു ഭാഗവുമായിത്തീരുകയുള്ളൂ. മിസ്സിസ് തലത്തിന്റെ ഈ അഭിപ്രായത്തോട് നിങ്ങൾ യോജിക്കുന്നുണ്ടോ?സമകാലിക സംഭവങ്ങൾ കൂടി പരിഗണിച്ച് 'മക്കൾക്കൊപ്പം' എന്ന വിഷയത്തിൽ മുഖപ്രസംഗം (എഡിറ്റോറിയൽ) തയ്യാറാക്കുക.

KTR EDN DIS